**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2232**

**16.08.2017 - ൽ മറുപടിക്ക്**

# ആഡിറ്റ് നോംസിലെ ഭേദഗതിയ്ക്ക് നടപടി

**ചോദ്യം**

**ശ്രീ.ഐ.ബി. സതീഷ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | നോട്ട് നിരോധനത്തെത്തുടർന്ന് കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ മേഖലയിലെ വായ്പാ തിരിച്ചടവ് കുറയുകയും പല സംഘങ്ങളുടെയും ലാഭത്തിൽ ഗണ്യമായ കുറവുണ്ടാവുകയും ചെയ്തതുമൂലം ആഡിറ്റ് പ്രകാരം നഷ്ടത്തിലാകുമ്പോൾ സംഘങ്ങളുടെ ക്ലാസിഫിക്കേഷനെ അത് ബാധിക്കുമെന്നതിനാൽ ആഡിറ്റ് നോംസിൽ ഭേദഗതി വരുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | (എ) | ആഡിറ്റ് നോംസിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ആഡിറ്റ് നോംസിൽ എന്തെങ്കിലും ഭേദഗതിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ? | (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ആഡിറ്റ് നോംസിൽ ഭേദഗതിക്ക് നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ നോട്ട് നിരോധനത്തെ തുടർന്ന് ഉണ്ടായ സാമ്പത്തിക പ്രതിസന്ധി മൂലം വായ്പാ തിരിച്ചടവ് കുറയുകയും സംഘങ്ങൾ നഷ്ടത്തിലാവുകയും ചെയ്യുന്ന സാഹചര്യത്തിൽ സംഘങ്ങളുടെ ആഡിറ്റിൽ വായ്പാ കുടിശ്ശികയിന്മേലുള്ള പലിശതുകയിൽ കരുതൽ വയ്ക്കുന്നതിൽ ഇളവ് അനുവദിച്ചുകൊണ്ട് സർക്കുലർ നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. നോട്ട് നിരോധന കാലയളവായ 2016 നവംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ തിരിച്ചടവ് വരേണ്ടിയിരുന്ന പലിശ തുകയ്ക്ക് കരുതൽ വയ്ക്കുന്നത് കൊണ്ട് മാത്രം സംഘങ്ങൾ നഷ്ടത്തിലാകുന്ന പക്ഷം പ്രസ്തുത തുക മാത്രം കരുതൽ വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി ആഡിറ്റ് പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**